ഉത്തരം

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ ആയുർവേദ ആശുപത്രി, ഹോമിയോ ജില്ലാ ആശുപത്രി എന്നിവയ്ക്കും, കാസർഗോഡ്, വയനാട്, മഞ്ചേരി ജില്ലാ ആശുപത്രികളിലും ലോഡ് ഷെഡ്ഡിംഗ് നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമേ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളൂ. മഞ്ചേരി ജില്ലാ ആശുപത്രി ജില്ലാ ആസ്ഥാനത്തല്ല സ്ഥിതി ചെയ്യുന്നത്.

(ഡി) തൽക്കാലം നിർവ്വാഹമില്ല.

150 (2528) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ ഇവിടെ ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടവണ്ണ, വെള്ളുവമ്പ്ര എന്നീ സ്ഥലങ്ങളിൽ ഓരോ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

151 (2529) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കാവനൂർ-നളക്കോട് പ്രദേശത്ത് കാർഷിക ആവശ്യത്തിനുവേണ്ടി എത്ര പേർ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകി;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 42 പേർ.

(ബി)&(സി) ലൈൻ വലിക്കുന്ന ജോലി കഴിഞ്ഞിട്ടില്ല. ലൈൻ വലിച്ചതിനുശേഷം മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly